കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്ത കേരളം - മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ - ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് **28.05.2016** ലെ സ.ഉ.(സാധാ)നം.**1780/2016**/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1850/2016/തസ്വഭവ    തിരുവനന്തപുരം, തീയതി 04.06.2016

---

പരാമർശം - (1) 01/04/2016- തീയതിയിലെ 201/ഡിസി1/2016/തസ്വഭവ നമ്പർ സർക്കുലർ.

(2) 23/05/2016-ലെ സ.ഉ.(സാധാ)നം.1724/2016/തസ്വഭവ നമ്പർ ഉത്തരവ്.

(3) 28.05.2016-ലെ സ.ഉ.(സാധാ)നം.1780/2016/തസ്വഭവ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

മൺസൂൺ പൂർവ്വകാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി പരാമർശം (2)-ൽ പറയുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഇല്ലാതെ തന്നെ പ്രവർത്തനങ്ങൾ നടത്തുവാനുള്ള അനുമതി സൂചന (3) പ്രകാരം നൽകിയിരുന്നു. എന്നാൽ ചില പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടോ ജനറൽ പർപ്പസ് ഫണ്ടോ ഇല്ലാത്ത പഞ്ചായത്തുകൾക്ക് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുന്നു.

ശുചിത്വമിഷനിൽ നിന്നും ചെലവായ തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് വികസനഫണ്ടിലേയ്ക്ക് ടി തുക വകയിരുത്തുന്നതിനും ഉത്തരവാകുന്നു. ഇപ്രകാരം ഫണ്ട് ചെലവഴിക്കുന്നതിന് സുലേഖാ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ വേണ്ട സൗകര്യം ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തേണ്ടതാണ്.

ഇപ്രകാരം തുക ചെലവഴിച്ചതിനുശേഷം ഡി.പി.സി-യുടെ അംഗീകാരം നേടേണ്ടതാണെന്നും ഉത്തരവാകുന്നു. പരാമർശം (3)-ലെ ഉത്തരവ് തദനുസരണം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
റ്റി.കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം
എല്ലാ മുൻസിപ്പാലിറ്റികൾക്കും /എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (തസ്വഭവ) പി.എ-യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്